അവസാനിപ്പിക്കുകയും പകരം വകുപ്പുതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിലെ മേഖലാ ജില്ലാതല മേധാവികളെ അംഗങ്ങളായും അദ്ധ്യക്ഷന് തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും വകുപ്പിലെ ജില്ലാതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിന്റെ ജില്ലയിലെ മറ്റ് കീഴ് ഓഫീസ് തലവൻമാരെ അംഗങ്ങളാക്കിയും ജില്ലാ ഓഫീസിലെ ജില്ലാ മേധാവികളുടെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മലയാള ഭാഷാ നിയമത്തിന്റെ കരട് ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മെയിൽ ജയിൽ വാർഡൻമാരുടെ റാങ്ക് ലിസ്റ്റ്

36 (1859) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിൽ മെയിൽ ജയിൽ വാർഡൻമാരുടെ ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും ജയിൽ വർഡർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്

37 (1861) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഏതൊക്കെ വകുപ്പുകളിലാണ് നിലവിൽ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ആയതിന്റെ കാരണവും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly